(ഇ) അടുത്ത അദ്ധ്യയന വർഷം പ്രവർത്തനം ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി ഏകദേശം മുപ്പതു കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

(എഫ്) വകുപ്പുകളിലെ കമ്പ്യൂട്ടർവൽക്കരിക്കാവുന്ന മേഖലകൾ കണ്ടെത്തുക, കമ്പ്യൂട്ടറൈസ് ചെയ്യാവുന്ന തോത് നിർണ്ണയിക്കുക, വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് ഉപയുക്തമായ രീതിയിൽ ആവശ്യമായ ഡാറ്റാ ബേസ് നിർണ്ണയിക്കുക, വകുപ്പിനെയും മറ്റു വകുപ്പുകളെയും ബന്ധിപ്പിക്കുന്നതിന് ഉപയുക്തമായ നെറ്റ്വർക്കിംഗ് കണ്ടെത്തുക, ഐ.റ്റി. നടപ്പിലാക്കുന്നതിന് ഉപയുക്തമായ രീതിയിൽ ആവശ്യമായ പരിശീലനവും മാനവവിഭവ ശേഷി വികസനവും ഉറപ്പാക്കുന്നതിന് ആവശ്യമായ ആവശ്യകതകൾ ചൂണ്ടിക്കാണിക്കുക തുടങ്ങിയ വിഷയങ്ങളിൽ ഒരു പ്രവർത്തന പദ്ധതി തയ്യാറാക്കി സമർപ്പിക്കുന്നതിനായി വകുപ്പുതല സെക്രട്ടറിമാർ അദ്ധ്യക്ഷരായുള്ള കർമ്മ സമിതികൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത വകുപ്പുതല കർമ്മസമിതികളുടെ രൂപീകരണം പുരോഗമിച്ചുവരുന്നു.

(ജി) സംസ്ഥാനത്തിന്റെ വിവരവിനിമയ സാങ്കേതിക വിദ്യ നടപ്പിലാക്കുമ്പോൾ, സർക്കാരിന്റെ പ്രവർത്തനങ്ങളിൽ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പാക്കുകയും അതുമൂലം അഴിമതി ഇല്ലാതാക്കാനും സാധിക്കുമെന്ന് കരുതുന്നു. സർക്കാർ നയങ്ങളും, പദ്ധതികളും കൂടുതൽ ഫലപ്രദമായി ജനങ്ങളിലേക്ക് എത്തിക്കാൻ വിവരവിനിമയ സാങ്കേതിക വിദ്യയുടെ ഉപയോഗം മൂലം കഴിയും. വ്യവസായ വികസനം വഴി സാമ്പത്തിക വികസനം ത്വരിതപ്പെടും. ഇതുമൂലം എല്ലാ ജനവിഭാഗങ്ങളുടെയും ജീവിതനിലവാരം മെച്ചപ്പെടുമെന്നും പ്രതീക്ഷിക്കുന്നു.

(എച്ച്) ഇൻഫർമേഷൻ ടെക്നോളജി നയം നടപ്പാക്കുന്നതിന്റെ ഭാഗമായിട്ടുള്ള പ്രവർത്തനങ്ങൾക്കായി, അതാത് വകുപ്പുകളുടെ നടപ്പുവർഷത്തെ പദ്ധതിവിഹിതത്തിന്റെ 3% വരെ തുക വിനിയോഗിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

12 (*12) പെൻഷൻ പ്രായം

ശ്രീ. പാലോട് രവി :
ശ്രീ. എം. മുരളി :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെൻഷൻ പ്രായം വർദ്ധിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര വർഷം വർദ്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇതോടനുബന്ധിച്ച് തൊഴിൽരഹിതരായ യുവാക്കൾക്കുവേണ്ടി എന്തെങ്കിലും പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പെൻഷൻ പ്രായം വർദ്ധിപ്പിച്ചാൽ ഓരോ വർഷവും സർക്കാരിനുണ്ടാകാവുന്ന സാമ്പത്തിക ബാദ്ധ്യതയിലെ കുറവ് എത്രയെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഇപ്പോൾ ഇല്ല

(ബി)മുതൽ (ഡി)വരെ ബാധകമല്ല

(ഇ) ഓരോ വർഷവും റിട്ടയർ ചെയ്യുന്ന ജീവനക്കാരുടെ എണ്ണത്തിനനുസരിച്ചായിരിക്കും ബാദ്ധ്യതയിൽ കുറവു വരിക. മുൻവർഷങ്ങളിൽ ശരാശരി 20,000 ജീവനക്കാർ റിട്ടയർ ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഗ്രാറ്റുവിറ്റി ഇനത്തിൽ 316 കോടിയോളവും, കമ്മ്യൂട്ടേഷൻ ഇനത്തിൽ 192 കോടിയോളവും, ലീവ് സറണ്ടർ ഇനത്തിൽ 150 കോടിയോളവും രൂപ പ്രതിവർഷം സാമ്പത്തികബാദ്ധ്യതയിൽ കുറവുണ്ടാകുമെന്ന് കണക്കാക്കുന്നു.

13 (*13) കുളമ്പ് രോഗം തടയാൻ നടപടി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കന്നുകാലി സംരക്ഷണത്തിന് സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പരിപാടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) വർദ്ധിച്ചു വരുന്ന 'കുളമ്പുരോഗം' തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) എത്ര കന്നുകാലികൾക്ക് കുളമ്പുരോഗം ബാധിച്ചിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്;

(ഡി) വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) കുളമ്പുരോഗം തടയുന്നതിനായി നാഷണൽ ഡയറി ഡവലപ്മെന്റ് ബോർഡിൽനിന്നോ മറ്റ് കേന്ദ്ര ഏജൻസികളിൽനിന്നോ എന്തെങ്കിലും ധനസഹായം ലഭിച്ചിട്ടുണ്ടോ? എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) സംസ്ഥാനത്തെ കന്നുകാലി സംരക്ഷണത്തിന് സർക്കാർ താഴെ പറയുന്ന പരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കി വരുന്നു.

1) കന്നുകാലികളുടെ വർഗ്ഗോദ്ധാരണ പരിപാടി.

2) കന്നുകാലികളുടെ ആരോഗ്യ സംരക്ഷണത്തിനുള്ള പദ്ധതികൾ.

3) കന്നുകുട്ടി പരിപാലന പദ്ധതി.

4) കാലിത്തീറ്റയുടേയും പച്ചപ്പുല്ലിന്റെയും ലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ.

5) ഇൻഷ്വറൻസ് സംരക്ഷണത്തിനുള്ള പദ്ധതികൾ.

6) വിജ്ഞാന വ്യാപന പരിപാടികൾ.

LIBRARY ARCHIVES Kerala Legislative Assembly